## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1562 — 14.6.2013-ൽ മറുപടിക്ക്

### പ്ലാസ്റ്റിക് നിരോധനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്ലാസ്റ്റിക് നിരോധനം ലക്ഷ്യം കൈവരിക്കാത്ത സ്ഥിതി വിശേഷമുണ്ടോ ; | എ) തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്ലാസ്റ്റിക് നിരോധനം ലക്ഷ്യം കൈവരിച്ച് വരികയാണ്. |
| ബി) പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; | ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗും പുനരുപയോഗവും ചെയ്യാനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് കവറുകൾ റീസൈക്ലിംഗിന് വിധേയമാക്കാനും റോഡ് ടാറിംഗിനു വേണ്ടി ഉപയോഗപ്പെടുത്താനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി നടപടി എടുത്തിട്ടുണ്ട്. റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്താൻ വേണ്ട തുടർ നടപടികൾ കൈക്കൊള്ളുന്നതിന് PWD ക്കും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിനും, തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സിമന്റ് നിർമ്മാണ പ്ലാന്റുകളിലെ ചൂളകളിൽ കൽക്കരിയോടൊപ്പം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സഞ്ചികൾ ഇന്ധനമായി ഉപയോഗിക്കാൻ ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയത് കേരളത്തിൽ നടപ്പിലാക്കാൻ മലബാർ സിമന്റ്സ് ഫാക്ടറി നടപടി എടുത്തു വരുന്നു. |
| സി) പ്ലാസ്റ്റിക് നിരോധനം ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ ? | സി) പ്ലാസ്റ്റിക് നിരോധനം ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടത് അതാതു പ്രദേശത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിരോധനം ലംഘിക്കുന്നവർക്കെതിരെ നടപടി കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ